(ഡി) എങ്കിൽ ക്ഷീരകർഷകരും ക്ഷീരസംഘങ്ങളും നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്)പാൽ ശേരിക്കുന്നതിൽ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ സംസ്ഥാനത്തെ സ്വകാര്യ പാൽ വിപണന കമ്പനികൾക്ക് സർക്കാർ ബാധകമാക്കിയിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെടുമോ;

(ജി) എങ്കിൽ പ്രസ്തുത നിബന്ധനകൾമൂലം ക്ഷീരകർഷകർ സ്വകാര്യ കമ്പനികളെ ആശ്രയിക്കേണ്ടിവരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(എച്ച്) പ്രസ്തുത പ്രവണത മിൽമയുടെ പ്രവർത്തനത്തെ ക്ഷയിപ്പിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) നിബന്ധന ഒന്നും ഏർപ്പെടുത്തിയിട്ടില്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ക്ഷീരകർഷകരും ക്ഷീരസംഘങ്ങളും ഇപ്പോൾ പ്രത്യേക പ്രതിസന്ധിയൊന്നും നേരിടുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) നിബന്ധനകൾ ഏർപ്പെടുത്തിയിട്ടില്ല.

(ജി),(എച്ച്)&(ഐ) ചോദ്യം ഉദിക്കുന്നില്ല.

15 (*295) സംസ്ഥാനത്തെ അനലിറ്റിക്കൽ ലബോറട്ടറിയുടെ പ്രവർത്തനം

ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. രാഘവൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനലിറ്റിക്കൽ ലബോറട്ടറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) അനലിറ്റിക്കൽ ലാബുകളുടെ പ്രവർത്തനം മന്ദീഭവിക്കുന്നതായി കരുതുന്നുണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്ത് ഇന്നുള്ള അനലിറ്റിക്കൽ ലാബ് ഓഫീസുകളുടെ കുറവും ജീവനക്കാരുടെ കുറവും ഇതിന് ഒരു കാരണമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇവയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് അനലിറ്റിക്കൽ ലാബുകൾ സ്ഥാപിച്ചിരിക്കുന്നത് എന്തൊക്കെ പരിശോധനകൾ നടത്തുന്നതിനാണെന്നും ഇപ്പോൾ എവിടെയൊക്കെയാണ് ഈ ലാബുകൾ പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) അനലിറ്റിക്കൽ ലബോറട്ടറികളിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആധുനീകരണം ഒരു പ്രധാന ഘടകമായതിനാൽ ഹൈപ്രഷർ ലിക്വിഡ് ക്രോംറ്റോഗ്രാഫ്, ഗ്യാസ് ലിക്വിഡ് ക്രോംറ്റോഗ്രാഫ്, സ്പെക്ട്രോ ഫോട്ടോ മീറ്റർ എന്നീ ഉപകരണങ്ങൾ വാങ്ങുകയും ആഹാര പദാർത്ഥങ്ങളിൽ കീടനാശിനികൾ, അപകടകാരികളായ ലോഹാംശങ്ങൾ, സിന്തറ്റിക് കളറുകൾ എന്നിവയുടെ തോത് കണ്ടുപിടിക്കാനായി ഉപയോഗിക്കുകയും ചെയ്തുവരുന്നു. മേൽപ്പറഞ്ഞ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നവർക്ക് ട്രെയിനിംഗ് ആവശ്യമാണ്. ഡബ്ല്യൂ.എച്ച്.ഒ.സി.എസ്.ആർ. തുടങ്ങിയ സ്ഥാപനങ്ങൾ സഹായം നൽകി നടത്തുന്ന ട്രെയിനിംഗുകളിൽ ഓഫീസർമാരെ പങ്കെടുപ്പിക്കുന്നുണ്ട്. ഫുഡ് ഇൻസ്പെക്ടർമാരുടെയും പബ്ലിക് അനലിസ്റ്റുകളുടെയും പ്രത്യേകം പ്രത്യേകം യോഗങ്ങൾ വിളിച്ചുകൂട്ടി സംഭരണവും പരിശോധനയും കൂടുതൽ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

(ബി) & (സി) ഇല്ല, ഉദിക്കുന്നില്ല.

(ഡി) സംസ്ഥാനത്ത് അനലിറ്റിക്കൽ ലബോറട്ടറികൾ സ്ഥാപിച്ചിരിക്കുന്നത് മായംചേർക്കൽ നിരോധന നിയമമനുസരിച്ച് ഭക്ഷ്യവസ്തുക്കളുടെയും വെള്ളത്തിന്റെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകൾ നടത്തുന്നതിലേക്കാണ്. ഇപ്പോൾ തിരുവനന്തപുരത്ത് ഗവൺമെന്റ് അനലിറ്റിക്കൽ ലബോറട്ടറിയും എറണാകുളത്തും കോഴിക്കോടും ഓരോ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയും പ്രവർത്തിക്കുന്നുണ്ട്. ശബരിമല മണ്ഡല/മകര വിളക്ക് കാലയളവിൽ വഴിപാടുണ്ടാക്കാൻ ഉപയോഗിക്കുന്ന ആഹാരപദാർത്ഥങ്ങൾ പരിശോധിക്കുന്നതിലേക്കായി പത്തനംതിട്ടയിൽ ഒരു ഡിസ്ട്രിക്ട് ലബോറട്ടറി പ്രവർത്തിച്ചുവരുന്നുണ്ട്.

16 (*296) ദേശീയ മലേറിയ നിർമ്മാർജ്ജന പദ്ധതി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ മലേറിയ നിർമ്മാർജ്ജന പദ്ധതി (എൻ.എം.ഇ.പി.) യുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിപ്രവർത്തനത്തിന് കേന്ദ്രസഹായം എത്രമാത്രം ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ആരോഗ്യവകുപ്പ് ഈ പദ്ധതി നടത്തിപ്പിന് ഇപ്പോൾ എന്തൊക്കെ പരിപാടികൾ നടപ്പിലാക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly